1. 1981 മേയ് 5-ാം തീയതിയിലെ നോട്ടിഫിക്കേഷൻ നമ്പർ 46424/ഇ2/80-1/എൽ.ബി.ആർ. (എസ്.ആർ.ഒ. നമ്പർ 542/81) മേഘപ്പുറത്തു വയ്ക്കാനുണ്ടായ കാലതാമസം കാണിക്കുന്ന വിശദീകരണക്കുറിപ്പു സഹിതം.

2. 1986 മേയ് 6-ാം തീയതിയിലെ ജി. ഒ. ആർ: ററി. നമ്പർ 749/86/എൽ. ബി. ആർ. (എസ്. ആർ. ഒ. നമ്പർ 681/86)

3. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ (നിർമ്മാണവും വിപണനവും) 1984-85-ലെ ഒന്നാമത്തെ വാർഷിക റിപ്പോർട്ട്.

IV. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപത്തെട്ടാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിയെട്ടാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ 28-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

(റിപ്പോർട്ട് സഭ അംഗീകരിച്ചു.)

VI. നിയമനിർമ്മാണകാര്യം.

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കമാൻഡ് ഏരിയ വികസന ബില്ലിന്റെ പരിഗണനയും അനന്തര ഘട്ടങ്ങളും—(തുടർച്ച)

5 മുതൽ 9 വരെയുള്ള ക്ലാസുകൾ

5 മുതൽ 9 വരെയുള്ള ക്ലാസുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

5 മുതൽ 9 വരെയുള്ള ക്ലാസുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

ക്ലാസ്—10

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, "10-ാം വകുപ്പിലെ (ക്യൂ) എന്ന ഉപവകുപ്പിൽ "34" എന്ന അക്കങ്ങൾക്ക് പകരം "40" എന്ന അക്കങ്ങൾ ചേർക്കണം" എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly